ഡോ. പി. രവീന്ദ്രനാഥിന് ഐ.സി.എം.സി.ഐയുടെ അക്കാദമിക് ഫെലോഷിപ്പ്

കൊച്ചി: ഡോ. പി. രവീന്ദ്രനാഥിന് ഇന്റർനാഷണൽ കൗൺസിൽ ഓഫ് മാനേജ്മെന്റ് കൺസൾട്ടിംഗ് ഇൻസ്റ്റിറ്റിയൂട്സിന്റെ അക്കാദമിക് ഫെലോഷിപ്പ്. മാനേജ്മെന്റ് കൺസൾട്ടിംഗ് രംഗത്ത് ഡോ. പി രവീന്ദ്രനാഥ് നൽകിയിട്ടുള്ള വിലമതിക്കാനാവാത്ത സംഭാവനകൾ പരിഗണിച്ചാണ് ഫെലോഷിപ്പ്. നിലവിൽ റോ കൺസൾട്ടിങ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടറായി സേവനം അനുഷ്ഠിക്കുന്ന ഡോ. പി. രവീന്ദ്രനാഥ്, അമൃതാ വിശ്വ വിദ്യാപീഠത്തിൽ അഡ്ജങ്റ്റ് പ്രൊഫസറായും സേവനമനുഷ്ഠിക്കുന്നു.

ദേശീയ അന്തർദേശീയ തലത്തിൽ മാനേജ്മെന്റ് കൺസൾട്ടിംഗ് വികസനത്തിന് പ്രായോഗിക സംഭാവനകൾക്കൊപ്പം ഒരു അക്കാദമിക് കരിയറിനെ സംയോജിപ്പിക്കുന്നതിൽ ഡോ. രവീന്ദ്രനാഥ് വിജയിച്ചു. മാനേജുമെന്റ് കൺസൾട്ടിംഗ് എന്നത് അതിരുകളില്ലാതെ വികസിച്ചുകൊിരിക്കുന്ന ഒരു മേഖലയാണ്. ദേശീയ തലത്തിൽ, മാനേജ്മെന്റ് കൺസൾട്ടൻസിക്ക് വേിയുള്ള പ്രൊഫഷണൽ മാനദണ്ഡങ്ങളും പെരുമാറ്റച്ചട്ടവും ഐ.എം.സി ഇന്ത്യ മേൽനോട്ടം വഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് വ്യക്തിഗത കൺസൾട്ടന്റുമാർക്ക് സേവനങ്ങൾ നൽകുന്നതിനൊപ്പം ഒരു സർട്ടിഫൈഡ് മാനേജ്മെന്റ് കൺസൾട്ടന്റ് (സി.എം.സി.) ആയി സാക്ഷ്യപ്പെടുത്തുന്നതിനുള്ള ആഗോള തൊഴിൽ നിലവാരത്തിലുള്ള പരിശീലനവും മൂല്യനിർണ്ണയവും സാധ്യമാക്കുന്നു. ആഗോള തലത്തിൽ, ലോകമെമ്പാടുമുള്ള മാനേജുമെന്റ് കൺസൾട്ടന്റുമാരുടെ നിലവാരം ഉയർത്തുക എന്നതാണ് ഐ.സി.എം.സി.ഐയുടെ ലക്ഷ്യം.

ഐ.എം.സി ഇന്ത്യയും ഐ.സി.എം.സി.ഐയും സംയുക്തമായാണ് ഡോ. പി. രവീന്ദ്രനാഥിനെ ഒരു ഐ.സി.എം.സി.ഐ അക്കാദമിക് ഫെലോ ആയി തിരഞ്ഞെടുത്തത്. ഇതുവഴി, അക്കാദമിയയും മാനേജ്മെന്റ് കൺസൾട്ടിംഗ് പരിശീലനവും തമ്മിൽ കൂടുതൽ ശക്തവും ഉൽപ്പാദനപരവുമായ ബന്ധം സൃഷ്ടിക്കുന്നതിൽ ഡോ. രവീന്ദ്രനാഥ് സജീവമായി ഇടപെടുകയും, അറിവും ആശയങ്ങളും പങ്കുവയ്ക്കുന്നതിനുള്ള ഒരു വേദിയായി ഐ.സി.എം.സി.ഐയെ ഉപയോഗിക്കുകയും ചെയ്യും.